കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ആറളം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

## ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ

e-mail:lfaddistofficeknr@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ട് സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.10/85/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ -670001

തീയ്യതി : 08-02-2017.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)

ആറളം ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : ആറളം ഗ്രാമ പഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം ആറളം ഗ്രാമ പഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ വരവ്വ ചെലവ് കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15 ).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള പഞ്ചായത്ത് രാജ് നിയമം പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക].

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഇ-മെയിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല ( ഉപരിപത്രം സഹിതം )

3) കാര്യാലയപ്രതി.

നം.കെ.എസ്.എ/കെ.എൻ.ആർ/സി. 10/85/2017 തീയ്യതി : 08-02-2017.

<u>കണ്ണൂർ ജില്ലയിലെ ആറളം ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക</u>

## വർഷങ്ങളിലെ വരവു ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

### ആമുഖം

ആറളം ഗ്രാമ പഞ്ചായത്ത് 1-4-2015 മുതൽ 04.01.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് വിവധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പാർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമുണ്ടായിരിക്കുന്നതല്ല.

എ. ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട<br>ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. അശോകൻ മഠത്തിൽ,<br>ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 05.01.2017 മുതൽ 17.01.2017വരെ | ശ്രീ. ശ്രീഭാനു കെ.കെ | ഓഡിറ്റ് ഓഫിസർ |
| | ശ്രീ. വിജോഷ് പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ബിസ്മി എസ്.നായർ | ഓഡിറ്റർ |

ബി. നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.വി.ടി.തോമസ് | 1-4-2015 മുതൽ 31-10-2015 വരെ |

| | | |
|---|---|---|
| | ശ്രീമതി. ഷിജി നടുപ്പറമ്പിൽ | 19-11-2015 മുതൽ 31-3-2016 വരെ |
| ഭരണ നിർവ്വഹണ കമ്മിറ്റി | ശ്രീ. ബാബു ജോസഫ്, സെക്രട്ടറി<br>ശ്രീ. ടി.വൈ.ജയൻ, കൃഷിഓഫീസർ<br>ശ്രീമതി. ശൈലജ എം.എം., ICDS സൂപ്പർവൈസർ | 1-11-2015 മുതൽ 18-12-2015 വരെ |
| സെക്രട്ടറി | ശ്രീ. ബാബു ജോസഫ് വി. | 1-4-2015 മുതൽ 17.02.2016വരെ |
| | ശ്രീമതി. അന്നമ്മ എം. | 18.02.2016 മുതൽ 31.03.2016 വരെ |

സി. നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 1.ശ്രീ. ജ്യോതിഷ് ബാബു കെ.ആർ.<br>2.ശ്രീമതി.മഞ്ജുള എൻ.കെ.<br>3.ശ്രീ.രവീന്ദ്രൻ പി. | 1-4-2015 മുതൽ 21.05.2015 വരെ<br>22.05.2015 മുതൽ30.09.2015വരെയും 01.12.2015 നം<br>01-10-15 മുതൽ 30-11-115 വരെയും, 2-12-15 മുതൽ 31-3-16 വരെയും |
| കൃഷി ഓഫീസർ | ശ്രീ.ടി.വൈ.ജയൻ | 1-4-2015 മുതൽ 31-3-2016 വരെ |
| വി.ഇ.ഒ. | ശ്രീ. ബിജു ജോസഫ് | 1-4-2015 മുതൽ 04.10.2015 വരെ |
| | ശ്രീമതി. ജോമോൾ ജോസ് | 05.10.2015 മുതൽ 02.11.2015 വരെയും 23.01.2016 മുതൽ 31.03.2016 വരെയും |
| | ശ്രീ. ഷാജി എം. | 03.11.2015 മുതൽ 22.01.2016 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.ശൈലജ എം.എം. | 1-4-2015 മുതൽ 31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ PHC | ഡോ. പി.രാജേഷ് | 1-4-2015 മുതൽ 31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ GAD | ഡോ. സിതാര ധർമ്മരാജ് | 1-4-2015 മുതൽ 31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ GHD | ഡോ. ജിഷ പി.എസ് | 1-4-2015 മുതൽ 31-3-2016 വരെ |
| വെറ്റിനറി സർജൻ | ഡോ. ഷിബു പി.എൻ | 1-4-2015 മുതൽ 31.03.2016വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ബാബു തോമസ് | 1-4-2015 മുതൽ 31.03.2016വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി.പി.വിജയലക്ഷ്മി | 1-4-2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | വിവരണം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം 1 പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വിനിയോഗിക്കാൻ ബാക്കിയുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ | 1-11 |
| 12 | സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ | 1-12 |

| | | |
|---|---|---|
| ഭാഗം 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | വസ്തുനികുതി ചുമത്തിയതിൽ കുറവ് | 2-1 |
| 14 | ഡി & ഒ ലൈസൻസ് അപാകങ്ങൾ | 2-2 |
| 15 | ഡി & ഒ ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ് | 2-3 |
| 16 | തൊഴിൽ നികുതി - അപാകങ്ങൾ | 2-4 |
| 17 | പരസ്യ നികുതി ഈടാക്കുന്നില്ല | 2-5 |
| ഭാഗം 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 18 | വോളിബോൾ പരിശീലനം - അപാകങ്ങൾ | 3-1 |
| 19 | മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത ഇനത്തിൽ ചെലവും അനർഹർക്ക് ആനുകൂല്യവും | 3-2 |
| 20 | യുവജനങ്ങൾക്ക് വോളിബോൾ പരിശീലനം - അപാകങ്ങൾ | 3-3 |
| 21 | പഠനയാത്രയ്ക്ക് വികസനഫണ്ട് - പദ്ധതി മാർഗ്ഗ രേഖയ്ക്ക് വിരുദ്ധം | 3-4 |
| 22 | അങ്കണവാടി പോഷകാഹാരവിതരണം - അപാകങ്ങൾ | 3-5 |
| 23 | പട്ടികവർഗ്ഗ വിഭാഗം - അങ്കണവാടികളിലൂടെ ഭക്ഷണം -അപാകങ്ങൾ | 3-6 |
| 24 | ഭിന്നശേഷി സ്കോളർഷിപ്പ് - അപാകങ്ങൾ | 3-7 |
| 26 | പട്ടികവർഗ്ഗ വിഭാഗം ഭിന്നശേഷി സ്കോളർഷിപ്പ് - അപാകങ്ങൾ | 3-8 |
| 27 | അങ്കണവാടി അധിക ഹോണറേറിയം | 3-9 |
| 28 | തെരുവുവിളക്ക് വൈദ്യുതിചാർജ്ജ് | 3-10 |
| 29 | ജീവനക്കാരുടെ എസ്.എൽ.ഐ. - വിഹിതത്തിൽ കുറവ് | 3-11 |

| | | |
|---|---|---|
| 30 | മരാമത്ത് - വാറ്റ് ഈടാക്കിയതിൽ കുറവ് | 3-12 |
| 31 | വിനിയോഗ സാക്ഷ്യപത്രങ്ങൾ ഇല്ല | 3-13 |
| 32 | ആശ്രയ പദ്ധതി - അവലോകനം | 3-14 |
| 33 | തൊഴിലുറപ്പ് പദ്ധതി അവലോകനം | 3-15 |
| ഭാഗം 4. പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 34 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 35 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 37 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 38 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 39 | ഓഡിറ്റ് റിക്കവറി | 4-6 |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| | അനുബന്ധങ്ങൾ | |
| 43 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 44 | ബാലൻസ് ഷീറ്റ് | അനുബന്ധം-2 |
| 45 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-3 |

| | | |
|---|---|---|
| 46 | റസീപ്റ്റ് & പെയ്യമെന്റ് സ്റ്റേയിറ്റ്മെന്റ് | അനുബന്ധം-4 |

# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2015-16 ലെ ബജറ്റ് 31-3-2015 ലെ 32/2015 -)ാനമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 29-01-2016ലെ 9/16-)ാനമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിൽ ഉള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| 2015-16 | ബജറ്റ് പ്രകാരം ഉള്ളത് ₹ | പുതുക്കിയ ബജറ്റ് പ്രകാരമുള്ളത് ₹ | വാർഷിക കണക്ക് പ്രകാരം ഉള്ളത് ₹ | വ്യത്യാസം | | ശതമാനം ( +/-) |
|---|---|---|---|---|---|---|
| | | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 50,33,537 | 10,16,89,001 | 3,91,66,007 | | 62522994 | (-)61.48 |
| വരവ് | 18,93,12,463 | 12,72,68,107 | 8,94,16,557 | | 37851550 | (-)29.74 |
| ആകെ | 19,43,46000 | 22,89,57,108 | 12,85,82,564 | | 100374544 | (-)43.84 |
| ചെലവ് | 19,32,37,319 | 22,62,01,489 | 10,20,22,374 | | 124179115 | (-)54.90 |
| നീക്കിയിരിപ്പ് | 11,08,681 | 27,55,619 | 2,65,60,190 | | 23804571 | 89.63 |

ബജറ്റ് / പുതുക്കിയ ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് തുകകൾ തമ്മിൽ വലിയ അന്തരമുണ്ട്. വരുംവർഷങ്ങളിലെ ബജറ്റ് തയ്യാറാക്കുമ്പോൾ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|---|
| 2015-16 | 31.7.2016 | 01.07.2016 | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ<br>പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റിന്റെ തരം |
|---|---|---|
| 2015-16 | 12.01.2017 | വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം |

വാർഷിക ധനകാര്യ പത്രികയിൽ താഴെപ്പറയും പ്രകാരം അപാകങ്ങളുണ്ട്.

1. വസ്തുനികുതി ഡിമാന്റ് റജിസ്റ്റർ സൂക്ഷിക്കുന്നില്ല.
2. ആസ്തി ബാധ്യതാ റജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.
3. വാർഷിക കണക്കുകളിൽ മുൻവർഷത്തെ താരതമ്യതുകകൾ രേഖപ്പെടുത്തുന്നില്ല.
4. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഇ.എഫ്.എം.എസ്. വഴി വിതരണം ചെയ്ത 2,19,12,049/- രൂപയും ക്ഷേമ പെൻഷൻ തുക (ഡി.ബി.ടി.) 2,20,66,150/-രൂപയും ഉൾപ്പെടുത്തിയിട്ടില്ല.
5. ധനകാര്യ വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
6. സംയോജിത പ്രോജക്ടുകൾക്ക് ഡി.ഡി. മുഖേന ലഭ്യമായ തുകകൾക്ക് 'സുലേഖ'യിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല.
7. സെക്രട്ടറി ഒഴികെയുള്ള നിർവ്വഹണോദ്യോഗസ്ഥർ മുഖേന നടപ്പാക്കിയ പ്രോജക്ടുകളിൽ ഈടാക്കിയ വാറ്റ്, ആദായനികുതി, ക്ഷേമനിധി വിഹിതം എന്നിവ അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2015-16 |
|---|---|
| മുന്നിരിപ്പ് | 3,91,66,007 |
| വരവ് | 8,94,16,557 |
| ആകെ | 12,85,82,564 |
| ചെലവ് | 10,20,22,374 |
| നീക്കിയിരിപ്പ് | 2,65,60,190 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കി യിരിപ്പ് ₹ | ചെലവ് % |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതു വിഭാഗം) | 4207831 | 10690323 | 14898154 | 14898154 | 0 | 100 |
| വികസനഫണ്ട് (എസ്.സി.പി) | 89874 | 110126 | 200000 | 200000 | 0 | 100 |
| വികസനഫണ്ട് (ടി.എസ്.പി) | 553293 | 2783399 | 3336692 | 3336692 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 1527298 | 5866995 | 7394293 | 7394293 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 1139740 | 3728766 | 4868506 | 4868506 | 0 | 100 |
| 13-)ംധനകാര്യ കമ്മീഷൻ അവാർഡ് | 4021795 | 7875166 | 11896961 | 8844282 | 0 | 74 |
| എംജി.എൻ.ആർ.ഇ. ജി.എസ്. | 0 | 533911 | 533911 | 533911 | 0 | 100 |
| ബി. ഫണ്ട് | 0 | 377560 | 377560 | 377560 | 0 | 100 |
| ലോകബാങ്ക്സഹായം | 4487987 | 2471191 | 6959178 | 6959178 | 0 | 100 |
| സ്പെഷൽ ഗ്രാന്റ് | 1015923 | 2373304 | 3389227 | 3389227 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 188 | 73918164 | 148 | 49873048 | 29 | 11 | 79 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം17.29%കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4126119 | 3421264 | 704855 | (-)17.08 |

| | | | | |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 1072567 | 878088 | 194479 | (-)18.13 |
| മറ്റ് വരവുകൾ | 0 | 0 | | 0 |
| ആകെ | 5198686 | 4299352 | 899334 | (-)17.29 |

## 1-8 ക്ഷേമപദ്ധതികൾ

2015-16വർഷം ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 70560 | 39 |
| കർഷകതൊഴിലാളി പെൻഷൻ | 2621490 | 460 |
| വിധവാ പെൻഷൻ | 7116440 | 944 |
| വാർദ്ധക്യകാല പെൻഷൻ | 9701460 | 1669 |
| വികലാംഗ പെൻഷൻ | 2391160 | 308 |
| അവിവാഹിത പെൻഷൻ | 235600 | 38 |
| വിവാഹ ധനസഹായം | 3,90,000 | 13 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-)o വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.01.2017 ന് 1.00 p.m മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 4993 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31.12.2012 | 2007-08 മുതൽ 2011-12 വരെ | 07.03.2013 |

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.08.2016 | 1-6-2016 മുതൽ 31-7-2016 വരെ | 27.12.2016 |

## 1-11 വിനിയോഗിക്കാൻ ബാക്കിയുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ തിരിച്ചടക്കേണ്ടതാണ്.

2015-16വർഷത്തെ ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂൾ പ്രകാരം ₹1,17,60,263 യുടെ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വിനിയോഗിക്കാൻ ബാക്കിയുണ്ട്. ഈ ഗ്രാന്റുകൾ ഏതൊക്കെ ഇനങ്ങളിലേതാണെന്നുള്ളത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് താഴെപ്പറയുന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

| ക്രമ നം. | ഗ്രാന്റുകളുടെ പേര് വിവരം | ബി-4 ഷെഡ്യൂൾ പ്രകാരം വിനിയോഗിക്കാൻ ബാക്കിയുള്ള തുക ₹ | ടി തുകകൾ ഗ്രാമ പഞ്ചായത്തിന്റെ ഏത് ഫണ്ടിലാണ് നീക്കിയിരിപ്പായിട്ടുള്ളത് | തുക ചെലവഴിക്കാതിരിക്കാനുള്ള കാരണം |
|---|---|---|---|---|
| 1 | ഐ.സി.ഡി.എസ്. (കേന്ദ്ര വിഹിതം) | 23749 | തനത് ഫണ്ട് | പദ്ധതി തുടരുന്നു |
| 2 | ബി.പി.എൽ. സർവ്വേ | 100 | „ | ---- |
| 3 | ജലനിധി | 2260122 | ജലനിധി | പദ്ധതി തുടരുന്നു |
| 4 | സാക്ഷരത | 375898 | സാക്ഷരത | „ |
| 5 | എം.പി.ഫണ്ട് | 16924 | എം.പി.ഫണ്ട് | 10000/- അഡ്ജസ്റ്റ് ചെയ്തു |
| 6 | ജലനിധി | 22543620 | ജലനിധി | പദ്ധതി തുടരുന്നു |
| 7 | „ | 1701860 | CORPUS FUND | പദ്ധതി തുടരുന്നു |
| 8 | ഭവനനിർമാണത്തിന് ബ്ലോക്ക്/ജില്ലാ വിഹിതം | 680000 | തനത് ഫണ്ട് | നടപ്പാക്കിയില്ല |
| 9 | ഗുണഭോക്തൃ വിഹിതം | 52378 | „ | ചെലവഴിച്ചു |
| 10 | ജലനിധി | 3720612 | ജലനിധി | പദ്ധതി തുടരുന്നു |
| 11 | നിർമ്മൽ പുരസ്കാരം | 370000 | തനത് ഫണ്ട് | „ |

| | | | | |
|---|---|---|---|---|
| | ആകെ | 1,17,60,263 | | |

പദ്ധതികൾ പൂർത്തീകരിക്കേണ്ടതും വിനിയോഗിക്കാത്ത തുകകൾ അതാത് അക്കൗണ്ടുകളിൽ തിരിച്ചടക്കേണ്ടതാണ്.

## 1-12 സ്റ്റോക്ക് റജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ

ധനകാര്യ വകുപ്പിന്റെ 24-9-2014 ലെ 86/2010/ ഫിൻ നമ്പർ സർക്കുലറിൽ കംപ്യൂട്ടറുകളുടെ ഹാർഡ് വെയറിനും, സോഫ്റ്റ് വെയറിനും പ്രത്യക സ്റ്റോക്ക് റജിസ്റ്റർ സൂക്ഷിക്കണെമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കംപ്യൂട്ടറുകൾക്കായി പ്രത്യേക സ്റ്റോക്ക് റജിസ്റ്ററും, മറ്റ് സ്ഥിര ആസ്തികൾ രേഖപ്പെടുത്തുന്നതിനായി മറ്റൊരു സ്റ്റോക്ക് റജിസ്റ്ററും തയ്യാറാക്കേണ്ടതും ഓരോ ഇനവും പ്രത്യേക പേജുകളിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയതിൽ അപാകം - 4144/- രൂപ നഷ്ടം

ന്യൂബിൽഡിംഗ് രജിസ്റ്ററിൽ ക്രമ നമ്പർ 214 മുതൽ 221 വരെ കാണിച്ചിരിക്കുന്ന കെട്ടിടം 6-)ംവാർഡിലെ 515A(പഴയ നം.53)കെട്ടിടത്തിന്റെ കൂട്ടിച്ചേർക്കലാണ്. കെട്ടിടത്തിന്റെ തറവിസ്തീർണം 100ച.മീ. ന് മുകളിലാണ്.ആകെ 175 ച മി വിസ്തീർണമുള്ള കെട്ടിടത്തിന്റെ 79 ച മി കോൺക്രീറ്റ് മേൽക്കൂരയുള്ളതും,(ക്രമനമ്പർ-214,215)അവശേഷിക്കുന്ന 96 ച മി (ക്രമനമ്പർ-216, To 221) കുറഞ്ഞതരം മേൽക്കൂരയുള്ളതുമാണ്. 100 ച.മീ. വരെ 30രൂ. നിരക്കിലും 100- ന മുകളിൽ 50 രൂ. നിരക്കിലുമാണ് ഗ്രാമ പഞ്ചായത്ത് അംഗീകരിച്ചിരിക്കുന്ന നികുതി നിരക്ക്. എന്നാൽ പ്രസ്തുത കെട്ടിടത്തിന് 100 ച.മീ. ന് താഴെ തറവിസ്തീർണം വരുന്ന കെട്ടിടങ്ങളുടെ നിരക്കിലാണ് കെട്ടിടനികുതി നിർണയിച്ചിരിക്കുന്നത്. ഇത് മൂലം ഉണ്ടായ നഷ്ടത്തിന്റെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

കെട്ടിട ഉടമയുടെ പേര് : കൈപ്പനാനിക്കൽ അന്നമ്മ

ഈടാക്കിയ നികുതിയുടെ വിവരങ്ങൾ

| ക്രമ നം. | കെട്ടിട നമ്പർ | തറവിസ്തീർണ്ണം ച.മീ. | അടിസ്ഥാന വസ്തു നികുതി @30/ച.മീ. | റോഡ് - അധികം (20%) | മേൽക്കൂര ഇളവ്- (10%) | ഗ്രന്ഥ ശാലാ വരി (5%) | ആകെ | രസീത് നം./ തിയ്യതി |
|---|---|---|---|---|---|---|---|---|
| 214 | 53A | 61 | 1830 | 366 | - | 110 | 2306 | 11503102166/ 20-11-2015 |
| 215 | 53B | 18 | 540 | 108 | - | 33 | 681 | 11503102167/ 20-11-2015 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 216 | 53C | 17 | 510 | 102 | 51 | 28 | 589 | 11503102168/ 20-11-2015 |
| 217 | 53D | 17 | 510 | 102 | 51 | 28 | 589 | 11503102169/ 20-11-2015 |
| 218 | 53E | 17 | 510 | 102 | 51 | 28 | 589 | 11503102170/ 20-11-2015 |
| 219 | 53F | 15 | 450 | 90 | 45 | 25 | 520 | 11503102171/ 20-11-2015 |
| 220 | 53G | 15 | 450 | 90 | 45 | 25 | 520 | 11503102171/ 20-11-2015 |
| 221 | 53H | 15 | 450 | 90 | 45 | 25 | 520 | 11503102171/ 20-11-2015 |
| ആകെ 175 ച മി | | | | | | | 6314 | |

ഈടാക്കേണ്ട നികുതിയുടെ വിവരങ്ങൾ

| തറവിസ്തീർണം | അടിസ്ഥാന വസ്തുനികുതി @50 | റോഡ് - 20% വർദ്ധനവ് | ഇളവ്-10% മേൽക്കൂര | ഗ്ര.വ. 5% | ആകെ |
|---|---|---|---|---|---|
| 79ച.മീ.(കോൺക്രീറ്റ് ) | 3950 | 790 | - | 198 | 4938 |
| 96ച.മീ.(കുറഞ്ഞതരം മേൽക്കൂര) | 4800 | 960 | 480 | 240 | 5520 |
| ആകെ | | | | | 10458 |

നികുതി നഷ്ടം = 10458 – 6314 =4144/-

നഷ്ടമായ തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2) ന്യൂ ബിൽഡിംഗ് രജിസ്റ്ററിൽ ഉൾപ്പെട്ട താഴെ പറയുന്ന കെട്ടിടങ്ങളുടെ നികുതി സഞ്ചയ സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡാറ്റാ എൻട്രി നടത്തിയപ്പോൾ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

| ക്രമ നം | ന്യൂ ബിൽഡിംഗ് രജിസ്റ്ററിലെ ക്രമ നം | ഉടമസ്ഥൻ | വാർഡ്നം/കെട്ടിട നം | ആവശ്യം ച.മീ | നികുതി |
|---|---|---|---|---|---|
| 1 | 48 | പാലുമ്മി അശോകൻ | VII/325A | വാസഗൃഹം 76 ച.മീ. | 384/- |
| 2 | 150 | കുലോത്ത്വളപ്പിൽ പ്രമോദ് | XIV/276B | വാസഗൃഹം 112ച.മീ. | 471/- |
| 3 | 299 | മംഗലോടൻ മുനീർ&ചൂലോട് ഹസീന | XV/325B | വാസഗൃഹം 264 ച.മീ. | 1109/- |

അപാകത പരിഹരിക്കേണ്ടതാണ്.

## 2-2 ഡി.&ഒ ലൈസൻസ് അപാകങ്ങൾ

ആറളം ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ ഡി.&ഒ.ലൈസൻസ് അപേക്ഷകളുടെ പരിശോധനയിൽ താഴെ പറയുന്ന അപാകങ്ങൾ കാണുകയുണ്ടായി.

എ. ഡി.&ഒ.ലൈസൻസ് അപേക്ഷകൾ പൂർണ്ണമല്ല

(1) ദിവസ വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല.

2015-16വർഷത്തെ 305 ഡി.&ഒ.ലൈസൻസ് അപേക്ഷകളിൽ 101 അപേക്ഷകളിൽ

ദിവസ വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം | അപേക്ഷകൻ | ആവശ്യം | വാർഡ് |
|---|---|---|---|
| 1 | മാത്യു പി.എ.,കീഴ്പ്പള്ളി | അനാദി കച്ചവടം | IV/477 |
| 2 | സത്യൻ കെ.,ആറളം | സ്റ്റേഷനറി കച്ചവടം | XVI/398C |
| 3 | മനീഷ് എം.,കരിക്കോട്ടക്കരി | സ്പെയർപാർട്ട്സ്ഓട്ടോമൊബൈൽസ് | I/593 |
| 4 | കണ്ടോത്ത് മുഹമ്മദ്.,ആറളം | പലചരക്ക് കച്ചവടം | XV/519 |

(2.) അന്വേഷണ റിപ്പോർട്ട് ഇല്ലാത്ത അപേക്ഷകൾ

2015-16വർഷത്തെ 217 അപേക്ഷകളിൽ അന്വേഷണ റിപ്പോർട്ട് ഇല്ല.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം | അപേക്ഷകൻ | ആവശ്യം | വാർഡ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | രാജൻ എൻ.,എട്ടൂർ | ഹോട്ടൽ | XVII/424 |
| 2 | ജോമോൻ സെബാസ്റ്റ്യൻ.,പായം | മൊബൈൽ,ഇലക്ട്രിക്കൽ ഐറ്റംസ്. | I/257 |
| 3 | ചന്ദ്രൻ എം.വി.,കീഴ്പ്പള്ളി. | അനാദി കച്ചവടം | VII/272 |
| 4 | ജിൽസ് പി.സെബാസ്റ്റ്യൻ.,ആറളം. | സ്റ്റേഷനറി കച്ചവടം | I/282 |

മേൽ വിവരിച്ച അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

ബി. ഡി&ഒ ലൈസൻസ് പുതുക്കൽ അപേക്ഷ സമർപ്പിക്കുന്നതിലെ കാലതാമസം

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു സാമ്പത്തിക വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പ് നൽകേണ്ടതാണ്. എന്നാൽ ആറളം ഗ്രാമപഞ്ചായത്തിൽ22015-16 വർഷത്തെ പുതുക്കുന്നതിനുള്ള അപേക്ഷകളിൽ ഒന്നും തന്നെ പുതുക്കൽ അപേക്ഷ സമർപ്പിക്കേണ്ട തീയതിയായ ഫിബ്രവരി മാസത്തെ അവസാന ദിവസത്തിനുള്ളിൽ സമർപ്പിച്ചിട്ടില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ.നം | അപേക്ഷകൻ | അപേക്ഷ സമർപ്പിച്ച തിയ്യതി | ആവശ്യം | വാർഡ് |
|---|---|---|---|---|
| 1 | നാരായണൻ മുണ്ടയാടൻ | 31/03/2016 | ആദിത്യ ഹോട്ടൽ,എട്ടൂർ | I/259 |
| 2 | ഇബ്രാഹിം | 15/03/2016 | ചായക്കട | VI/295 |
| 3 | മുനീർ പാണമ്പ്രോൻ,ആറളം | 28/03/2016 | മലഞ്ചരക്ക് വ്യാപാരം | I/353 |
| 4 | തോമസ് കെ.ജെ. | 21/03/2016 | സൂര്യ ഏജൻസീസ്,എട്ടൂർ | XVII/433 |

യഥാസമയം ഡി&ഒ ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങളെ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായി പരിഗണിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.

സി) സമ്മതപത്രം ഹാജരാക്കുന്നില്ല

വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഡി&ഒ ലൈസൻസിനുള്ള അപേക്ഷയോടൊപ്പം കെട്ടിടഉടമയുടെ സമ്മതപത്രം ഹാജരാക്കുന്നില്ല. 2015-16വർഷം ഹാജരാക്കിയ 145അപേക്ഷകളോടൊപ്പം സമ്മതപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ.നം | അപേക്ഷകൻ | ആവശ്യം | വാർഡ് |
|---|---|---|---|
| 1 | അശോക് കുമാർ എം. | ടെക്സ്റ്റൈൽസ് | VI/474C |

| | | | |
|---|---|---|---|
| 2 | മുനീർ പലോറ | ബേക്കറി,കൂൾബാർ | VI/474D,E |
| 3 | ജോമോൻ ജോസഫ് | ബേക്കറി,കൂൾബാർ | I/310 |
| 4 | സാബു ജോസഫ് | ഗ്രയ്സ് ടൈംസ് ഇലക്ട്രോണിക്സ് | VI/473 |

ലൈസൻസിനുള്ള അപേക്ഷയോടൊപ്പം കെട്ടിട ഉടമയുടെ സമ്മതപത്രം കൂടി ഹാജരാക്കാൻ ആവശ്യപ്പെടേണ്ടതാണ്.

## 2-3 ഡി&ഒ ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ്

ആറളം ഗ്രാമ പഞ്ചായത്ത് 2015-16വർഷത്തെ ഡി&ഒ ലൈസൻസ് ഫീ ദിവസ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കിയതിൽ ഏതാനും സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയ തുക കുറവുള്ളതായി കാണുന്നു.വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ. നം | അപേക്ഷകൻ | സ്ഥാപനം | വാർഡ്/ കെട്ടിട നം | ദിവസ വിറ്റുവരവ് ₹ | ഈടാക്കിയ തുക ₹ | ഈടാ ക്കേണ്ട തുക ₹ | കുറവു വന്ന തുക ₹ |
|---|---|---|---|---|---|---|---|
| 1 | പി.കെ. ജവഹർ | പി.കെ. അസോസിയേറ്റ്സ് | II/223 | 15,000 | 100+25 11503100154 22/04/2015 | 300+75 | 250 |
| 2 | സുരേഷ് എൻ.എൽ | അഞ്ജലി ഫ്യുവൽസ് | I/219A | 2,50,000 | 1000+250 11503100705 15/06/2015 | 4000+ 1000 | 3750 |
| 3 | ലതിക പി. | ടെക്സ്റ്റൈൽസ് | VI/325 | 4,400 | 50 11503100763 23/06/2015 | 100 | 50 |
| 4 | വർക്കി കടത്തലക്കുന്നേൽ | മലഞ്ചരക്ക് | VII/367 | 3,000 | 50+15 11503100857 03/07/2015 | 125 | 60 |
| 5 | പദ്മജ സുരേന്ദ്രൻ | ടൈലറിംഗ് | I/426 | 4,200 | 50 11503100847 03/07/2015 | 100 | 50 |

| | | | | | | | |
|---|---|---|---|---|---|---|---|
| 6 | ഷോപ്പ് മാനേജർ | മാവേലി സ്റ്റോർ, കീഴ്പ്പള്ളി | VII/243 | 20,000 | 50+15<br>1153102658<br>12/01/2015 | 625 | 560 |
| 7 | ഷോപ്പ് മാനേജർ | മാവേലി സ്റ്റോർ, എടൂർ | XVII/452, 453,454 | 25,000 | 50+13<br>11503102885<br>02/02/2016 | 625 | 562 |
| 8 | ജോഷി ജോസഫ് | സോന ബേക്കറി | XVII/528 | 4,000 | 50+15<br>11503103112<br>23/02/2016 | 125 | 60 |
| 9 | രാജു തോമസ് | അനാദി കച്ചവടം | XV/54 | 3,000 | 50+15<br>57405/76<br>27/02/2016 | 125 | 60 |
| 10 | സെക്രട്ടറി,കീഴ്പ്പള്ളി ക്ഷീരോത്പാദക സഹകരണ സംഘം | പാൽ സംഭരണം, വിതരണം | VI/---- | 15,000 | 100+25<br>11503103564<br>15/03/2016 | 375 | 250 |
| ആകെ | | | | | = 5652 | | |

കുറവ് വന്ന തുക ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി-അപാകങ്ങൾ

ആറളം ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ തൊഴിൽ നികുതി റിട്ടേണുകൾ, രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തി.

എ) തൊഴിൽ നികുതി നിർണ്ണയിക്കുമ്പോൾ വീട്ടുവാടക ബത്ത കൂടി ഉൾപ്പെടുത്തി വരുമാനം കണക്കാക്കുന്നു.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 204(3), പ്രകാരം ഒരാൾക്ക് ഒരു അർദ്ധവർഷം വീട്ടുവാടക ബത്ത ഒഴികെ എല്ലാ മാർഗ്ഗങ്ങളിലുമുള്ള മൊത്തവരുമാനത്തിന്റെ മേലെയാണ് തൊഴിൽ നികുതി നിർണ്ണയിക്കേണ്ടത്. എന്നാൽ ആറളം ഗ്രാമ പഞ്ചായത്തിൽ 2015-16 വർഷത്തെ നികുതി അടക്കാൻ ബാധ്യസ്ഥരായ ജീവനക്കാരിൽ നിന്നും റിട്ടേൺ സ്വീകരിക്കുമ്പോൾ വീട്ടുവാടക ബത്ത കൂടി ഉൾപ്പെടുത്തി വരുമാനം കണക്കാക്കി അതനുസരിച്ച് തൊഴിൽ നികുതി ഈടാക്കിയതായി കാണുകയുണ്ടായി. ഇങ്ങനെ തൊഴിൽ നികുതി ഈടാക്കുമ്പോൾ ചില ജീവനക്കാർക്കെങ്കിലും കൂടിയ നിരക്കിൽ നികുതി അടക്കേണ്ടതായി വരുന്നുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | നികുതി ദായകന്റെ | സ്ഥാപനം | തസ്തിക | വരുമാനം (വീട്ടുവാടക | വീട്ടുവാടക ബത്ത | യഥാർത്ഥ വരുമാനം | അടച്ച നികുതി | അടയ് ക്കേണ്ട | കൂടുത ലായി |
|---|---|---|---|---|---|---|---|---|---|

| | പേര് | | | ബത്ത ഉൾപ്പെടെ) | | | രസീത് നം. | നികുതി | അടച്ച നികുതി |
|---|---|---|---|---|---|---|---|---|---|
| 1 | ഷിനിൽ എം.(ഒന്നാം അർദ്ധ വർഷം) | ഇന്ത്യൻ ഓവർസീസ് ബാങ്ക്,എടൂർ | ക്ലർക്ക് | 1,27,517 | 5,908 | 1,21,609 | 1250/- 11503400008 31/08/15 | 1000 | 250 |
| 2 | ഷിബു കെ.കെ. (രണ്ടാം അർദ്ധ വർഷം) | കൃഷിഭവൻ, ആറളം | അഗ്രി. അസിസ്റ്റന്റ് | 1,25,395 | 1,500 | 1,23,895 | 1250/- 11503102965 09/02/16 | 1000 | 250 |
| 3 | രവി.സി. (രണ്ടാം അർദ്ധ വർഷം) | കൃഷിഭവൻ, ആറളം | അഗ്രി. അസിസ്റ്റന്റ് | 1,25,395 | 1,500 | 1,23,895 | 1250/- 11503102965 09/02/16 | 1000 | 250 |
| 4 | വിനോദ് ടി. (രണ്ടാം അർദ്ധ വർഷം) | ഗവ.ഹോമിയോ ഡിസ്പെൻ സറി, ആറളം | ഒ.എ. | 75,182 | 1105 | 74,077 | 750/- 11503103131 24/02/16 | 600 | 150 |

ഇക്കാര്യം പരിശോധിച്ച് യുക്തമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

ആറളം ഗ്രാമ പഞ്ചായത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾ 2015-16സാമ്പത്തിക വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി അടച്ചതായി കാണുന്നില്ല.

| ക്ര.നം. | സ്ഥാപനം | കാലയളവ് |
|---|---|---|
| 1. | ഇന്ത്യൻ ഓവർസീസ് ബാങ്ക്,എടൂർ | I&II അർദ്ധവർഷം |
| 2. | അൽഫോൻസ ഇംഗ്ലീഷ് മീഡിയം സ്കൂൾ | I&II അർദ്ധവർഷം |
| 3. | കെ.എസ്.എഫ്.ഇ.കീഴ്പ്പള്ളി | I&II അർദ്ധവർഷം |

സി).തൊഴിൽ നികുതി ഈടാക്കിയില്ല

2014-15വർഷം തൊഴിൽ നികുതി ഈടാക്കിയ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും2015-16 വർഷം തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ.നം. | വ്യാപാരി/സ്ഥാപനം | കാലയളവ് |
|---|---|---|
| 1 | കള്ള് ഷാപ്പ്,കാരാപറമ്പ് | I&II അർദ്ധവർഷം |
| 2 | കള്ള് ഷാപ്പ്,ചെടിക്കുളം | I&II അർദ്ധവർഷം |
| 3 | കള്ള് ഷാപ്പ്, പൂതക്കുണ്ട് | I&II അർദ്ധവർഷം |
| 4 | കള്ള് ഷാപ്പ്, ആറളം | I&II അർദ്ധവർഷം |
| 5 | ആശ്രയ ഫിനാൻസ്, എടൂർ | I&II അർദ്ധവർഷം |
| 6 | റോയൽ ഫിനാൻസ്, കീഴ്പ്പള്ളി | I&II അർദ്ധവർഷം |
| 7 | ജൂബിലി ഫിനാൻസ്,കീഴ്പ്പള്ളി | I&II അർദ്ധവർഷം |
| 8 | വുഡ് ഇൻഡസ്ട്രീസ് എടൂർ | I&II അർദ്ധവർഷം |
| 9 | സെർവീസ് സ്റ്റേഷൻ,എടൂർ | I&II അർദ്ധവർഷം |

ഡി).അസസ്സ്മെന്റ് രജിസ്ററർ സൂക്ഷിച്ചിട്ടില്ല

നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങൾ അടങ്ങിയ അസസ്സ്മെന്റ് രജിസ്റ്റർ 1996 ലെ കേരളാ പഞ്ചായത്ത് രാജ് (നികുതി ചുമത്തലും ഈടാക്കലും അപ്പീലും) ചട്ടങ്ങൾ -5 ലെ മാതൃകയിൽ സൂക്ഷിക്കണം.ആറളം ഗ്രാമ പഞ്ചായത്തിൽ ഇത്തരത്തിലുള്ള അസസ്സ്മെന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ഇ).തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

ആറളം ഫാമിംഗ് കോർപ്പറേഷൻ,ആറളം എന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി പിരിച്ചപ്പോൾ താഴെ പറയുന്ന ജീവനക്കാരിൽ നിന്നും ഈടാക്കിയ തുകയിൽ കുറവ് കാണുന്നു.വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരൻ/തസ്തിക | വരുമാനം | അടച്ച നികുതി ₹രസീത് നമ്പർ/തീയ്യതി | അടയ്ക്കേണ്ട നികുതി ₹ | കുറവ് വന്ന തുക ₹ |
|---|---|---|---|---|---|
| 1 | അബ്രഹാം കെ.ടി./മസ്ററർ വർക്കർ | 66,818 | 450<br>11503500018<br>19/09/2015 | 600 | 150 |
| 2 | ബിജു വർഗീസ്/മസ്ററർ വർക്കർ | 86,908 | 600<br>11503500018<br>19/09/2015 | 750 | 150 |

| | |
|---|---|
| ആകെ | 300 |

കുറവ് വന്ന തുക ഈടാക്കേണ്ടതും മറ്റ് അപാകങ്ങൾ പരിഹരിക്കേണ്ടതുമാണ്.

## 2-5 പരസ്യ നികുതി ഈടാക്കുന്നില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 209ാം വകുപ്പിൽ നിർദേശിച്ച പ്രകാരമുള്ള പരസ്യനികുതി ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് കാലയളവിൽ ഈടാക്കിയിട്ടില്ല. പ്രസ്തുത വകുപ്പ് പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും സർക്കാർവക സ്ഥലത്തോ, സ്വകാര്യസ്ഥലത്തോ പൊതുജനങ്ങൾക്ക് കാണത്തക്കവിധം പ്രദർശിപ്പിക്കുന്നുണ്ടെങ്കിൽ പരസ്യത്തിന്റെ ഉടമ സർക്കാരിന്റെ അംഗീകാരത്തോടെ ഗ്രാമപഞ്ചായത്തിൽ നിശ്ചയിക്കുന്ന നിരക്കിൽ പരസ്യ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരാണ്. ആറളം ഗ്രാമപഞ്ചായത്തിൽപെട്ട എടൂർ, കരിക്കോട്ടക്കരി തുടങ്ങിയ പ്രധാനപ്പെട്ട സ്ഥലങ്ങളിലും, റോഡുകളുടെ ഇരുപുറങ്ങളിലുമായും ഇത്തരം ധാരാളം പരസ്യങ്ങൾ ഉണ്ടെങ്കിലും പരസ്യനികുതി ഇനത്തിൽ ഗ്രാമ പഞ്ചായത്തിൽ വരവ് വന്നിട്ടില്ല. ഇല്ല. ആയതിനാൽ ബൈലോ തയ്യാറാക്കി സർക്കാരിൽനിന്ന് അംഗീകാരം വാങ്ങി പരസ്യനികുതി ഈടാക്കുവാനും അതുവഴി തനത്ഫണ്ട് വർധിപ്പിക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വോളിബോൾ പരിശീലനം - അപാകങ്ങൾ

നിർവഹണോദ്യോഗസ്ഥ - ഹെഡ് മിസ്ട്രസ്

(1) പ്രോജക്ട് നം., പേര് - 10/16 പെൺകുട്ടികൾക്ക് വോളിബോൾ പരിശീലനം

അടങ്കൽ - 50,000/- (വികസന ഫണ്ട്)

ചെലവ് - ബിൽ നം.5/15-16/തീ.18.03.2016 25000/-

(2) പ്രോജക്ട് നം., പേര് - 152/16 യുവജനങ്ങൾക്ക് വോളിബോൾ പരിശീലനം

അടങ്കൽ - 1,00,000/- (തനത് ഫണ്ട്)

ചെലവ് -ചെക്ക് നം. 0093427/തീ.22.03.2016 75,000/-

പെൺകുട്ടികൾക്ക് വോളിബോൾ പരിശീലനം രണ്ട് സ്ഥലങ്ങളിൽ നടത്തിയതായിട്ടാണ് ഫയലിൽ കാണുന്നത്.

1) തപസ്യ ചാരിറ്റബിൾ ട്രസ്റ്റ്, വീർപ്പാട് -

08.12.2015 മുതൽ 27.12.2015 വരെ 15 പേർ 20 ദിവസം പരിശീലനത്തിൽ പങ്കെടുത്തതായി ഹാജർ കാണുന്നു.

<u>ചെലവ്</u>

ബോൾ & നെറ്റ് - 4000

പരിശീലകന് യാത്രാക്കൂലി - 1500

ഭക്ഷണം - 7000

ആകെ -12500/-

(2) സ.എൻ സുരേന്ദ്രൻ സ്മാരക ആർട്സ് & സ്പോർട്സ് ക്ലബ്, പൂതക്കുണ്ട്.

15.11.2015 മുതൽ 16.02.2016 വരെ 25 കുട്ടികൾ പരിശീലനത്തിൽ പങ്കെടുത്തതായി കാണുന്നു.

<u>ചെലവ്</u>

ബോൾ & നെറ്റ് - 4000/-

പരിശീലകന് യാത്രാക്കൂലി - 1500/-

ഭക്ഷണം - 7000/-

ആകെ - 12500/-

തുക കൈപ്പറ്റിയതിന്റെ വിവരം - വിപിൻ പി.

സെക്രട്ടറി, സുരേന്ദ്രൻ സ്മാരക ആർട്സ് & സ്പോർട്സ് ക്ലബ്

ചെക്ക് നം. 42777/31.03.2016

യുവജനങ്ങൾക്ക് വോളിബോൾ പരിശീലനം 3 സ്ഥലങ്ങളിൽ നടന്നതായിട്ടാണ് ഫയലിൽ കാണുന്നത്.

(1) തപസ്യ ചാരിറ്റബിൾ ട്രസ്റ്റ്, വീർപ്പാട് -

06.12.2015 മുതൽ 27.12.2015 വരെ 35 പേർ 22 ദിവസം പരിശീലനത്തിൽ പങ്കെടുത്തതായി കാണുന്നു.

<u>ചെലവ്</u>

ബോൾ & നെറ്റ് - 4500

പരിശീലകന് യാത്രാക്കൂലി - 1500

ഭക്ഷണം - 19000

ആകെ - 25000/-

(2)) സ.എൻ സുരേന്ദ്രൻ സ്മാരക ആർട്സ് & സ്പോർട്സ് ക്ലബ്, പൂതക്കുണ്ട്.

15.11.2015 മുതൽ 16.02.2016 വരെ.

<u>ചെലവ്</u>

ബോൾ & നെറ്റ് - 4500/-

പരിശീലകന് യാത്രാക്കൂലി - 1500/-

ഭക്ഷണം - 19000/-

ആകെ - 25000/-

(3) പ്രിയദർശിനി, ചെടിക്കളം

10.01.2016 മുതൽ 30.01.2016 വരെ

ചെലവ്

ബോൾ & നെറ്റ് - 4500/-

പരിശീലകന് യാത്രാക്കൂലി - 1500/-

ഭക്ഷണം - 19000/-

ആകെ - 25000/-

മേൽ പ്രോജക്ടുകളുടെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

(1) തപസ്യ ചാരിറ്റബിൾ ട്രസ്റ്റ് വീർപ്പാടിലും സ: എൻ സുരേന്ദ്രൻ സ്മാരക ആർട്സ് & സ്പോർട്സ് ക്ലബ് പൂതക്കുണ്ടിലും വനിതകൾക്കും യുവജനങ്ങൾക്കും വോളിബോൾ പരിശീലനം ഒരേ ദിവസമാണ് നടത്തിയതായി കാണുന്നത്. ഒരേ സ്ഥലത്ത് ഒരേ പരിശീലകൻ ഒരേ ദിവസം എങ്ങനെയാണ് വനിതകൾക്കും യുവജനങ്ങൾക്കും പരിശീലനം നൽകിയതെന്ന് വ്യക്തമല്ല. കൂടാതെ വോളിബോളും നെറ്റും പ്രത്യേകം പ്രത്യേകമായി വാങ്ങിയതായി കാണുന്നു.

(2) പെൺകുട്ടികൾക്ക് വോളിബോൾ പരിശീലനത്തിന് സ. സുരേന്ദ്രൻ സ്മാരക ആർട്സ് & സ്പോർട്സ് ക്ലബ് ഗ്രൗണ്ടിൽ ഭക്ഷണത്തിന് ഒരു കുട്ടിക്ക് 10 രൂപ പ്രകാരവും തപസ്യ ചാരിറ്റബിൾ ട്രസ്റ്റ് ഗ്രൗണ്ടിൽ 25 രൂപ പ്രകാരവും അനുവദിച്ചതായി കാണുന്നു.

(3) യുവജനങ്ങൾക്കുള്ള വോളിബോൾ പരിശീലനം സ. സുരേന്ദ്രൻ സ്മാരക ആർട്സ് & സ്പോർട്സ് ക്ലബ്ബിൽ നൽകിയതിന്റെ ഹാജർ വിവരം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

പദ്ധതി നിർവഹണം കാര്യക്ഷമമായി നടന്നോ എന്നത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-2 പദ്ധതി മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത ഇനത്തിൽ ചെലവും അനർഹർക്ക് ആനുകൂല്യവും

നിർവഹണോദ്യോഗസ്ഥ - ഹെഡ് മിസ്ട്രസ്

പ്രോജക്ട് നം., പേര് - 11/16സ്കൂൾ കലാകായിക ശാസ്ത്രമേളകൾക്ക് ധനസഹായം

അടങ്കൽ - 1,65,000/-(വി.ഫ.-55,000/-,ത.ഫ-1,10,000/-)

ബിൽ നം.,ചെക്ക് നം. - 03/15-16/26.02.2016 (55,000/-)

0093422/02.03.2016 (1,10,000/-)

മേൽ പ്രോജക്ടിന്റെ ഭാഗമായി ഇരിട്ടി സബ് ജില്ലാ ശാസ്ത്രോത്സവത്തിന് ആറളം ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിലെ കുട്ടികളെ പരിശീലിപ്പിച്ചതിന് 11 സ്കൂളുകളിലെ ഹെഡ് മാസ്റ്റർമാർക്ക് 5000/- രൂപ വീതം വികസന ഫണ്ടിൽ നിന്നും, ഇരിട്ടി സബ് ജില്ലാ കേരളാ സ്കൂൾ കലോത്സവത്തിന് കുട്ടികളെ പരിശീലിപ്പിച്ചതിന് 11 സ്കൂളുകളിലെ ഹെഡ് മാസ്റ്റർമാർക്ക് 10,000/- രൂപ വീതം തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്.

ജി.ഒ.എം.എസ്. നം. 362/2013 ത.സ്വ.ഭ.വ. തീ.16.11.2013 പ്രകാരം പുറത്തിറക്കിയ പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖയിലോ മറ്റു സർക്കാർ ഉത്തരവുകളിലോ ശാസ്ത്രോത്സവം, സ്കൂൾ കലോത്സവം, എന്നിവയ്ക്ക് പരിശീലനം നടത്തിയ വകയിൽ പദ്ധതിപ്പണം ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടില്ല.

മേൽ പ്രോജക്ടിന്റെ ഭാഗമായി എട്ടൂർ സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂളിലെ 8,9,10 ക്ലാസുകളിലെ 37 കുട്ടികൾക്ക് ഇരിട്ടി സബ് ജില്ലാ കേരള സ്കൂൾ കലോത്സവത്തിൽ പങ്കെടുത്ത് നേടിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ഫയലിൽ കാണുന്നുണ്ട്. ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ഹൈ സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായി ഗ്രാമപഞ്ചായത്ത് പദ്ധതി നടപ്പാക്കിയത് ക്രമവിരുദ്ധമാണ്.

ആയതിനാൽ എട്ടൂർ സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂളിന് അനുവദിച്ച 15000/- രൂപ നിരാകരിക്കുന്നു (ബി.സി.നം. 428562/01.03.2016 – 5000/- , ബി.സി. 428815/14.03.2016 – 10000/- ).

കൂടാതെ മാർഗ്ഗ രേഖയിൽ നിർദ്ദേശിക്കാത്ത ഇനത്തിലുള്ള ചെലവ് 1,50,000/- (165000 – 15000) തടസ്സപ്പെടുത്തുന്നു.

ഇതിന് ഉപോൽബലകമായ സർകാർ ഉത്തരവുകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്

## 3-3 യുവജനങ്ങൾക്ക് വോളിബോൾ പരിശീലനം - അപാകങ്ങൾ

നിർവഹണോദ്യോഗസ്ഥ - ഹെഡ് മിസ്ട്രസ്

പ്രോജക്ട് നം., പേര് - 182/16 യുവജനങ്ങൾക്ക് വോളിബോൾ പരിശീലനം

അടങ്കൽ - 40,000/- (തനത് ഫണ്ട്)

ചെക്ക് നം. - 0093427/22.03.2016

മേൽ പ്രോജക്ടിന്റെ ഭാഗമായി ചെടിക്കളത്ത് വെച്ച് വോളിബോൾ പരിശീലനം നടത്തിയതിന് താഴെ പറയും പ്രകാരം 20,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ബോൾ, നെറ്റ് - 3750

പരിശീലകന് യാത്രാക്കൂലി - 1250

ഭക്ഷണം - 15000

07.08.2015 മുതൽ 27.08.2015വരെ 20 കുട്ടികൾക്ക് 20 ദിവസമാണ് പരിശീലനം നൽകിയിട്ടുള്ളത്. ഒരാൾക്ക് ഒരു ദിവസം മുട്ടയും പാലും നൽകുന്നതിന് 14/- രൂപ നിരക്കിൽ ഒരു ദിവസം 280 രൂപ പ്രകാരം 20 ദിവസത്തേക്കാണ് തുക അനുവദിക്കേണ്ടത്. കൂടാതെ 359 ഹാജർ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. അതു പ്രകാരം ഈയിനത്തിൽ 5026/- രൂപ മാത്രമേ അനുവദിക്കാൻ പാടുള്ളൂ (359 x 14). ആയതിനാൽ ഭക്ഷണത്തിന് അധികമായി ചെലവഴിച്ച 9974/- രൂപ (15000 – 5026) നിരാകരിക്കുന്നു.

മേൽ പ്രോജക്ടിന്റെ ഭാഗമായി ഒടാക്കലിൽ വോളിബോൾ പരിശീലനം നടത്തിയതിന് താഴെ പറയും പ്രകാരം 20,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ബോൾ, നെറ്റ് - 3750

ഭക്ഷണം -15000

ട്രെയിനർ ചാർജ്ജ് - 1250

16.08.2015 ന് ഒടാക്കലിൽ ചേർന്ന കമ്മിറ്റിയിൽ 01.09.2015 മുതൽ 30.11.2015 വരെ പരിശീലനം കൊടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പരിശീലനം നടന്നത് സംബന്ധിച്ചോ പങ്കെടുത്ത ആളുകളുടെ ഹാജർ രേഖപ്പെടുത്തിയതോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

